മേൽപ്പറഞ്ഞ പദ്ധതികൾ നോർക്ക വകുപ്പിന്റെകീഴിലെ നോർക്ക റൂട്ട്സ് എന്ന സർക്കാർ കമ്പനിമുഖേനയാണ് നടപ്പാക്കിവരുന്നത്. ഇതിനുപുറമേ പ്രവാസി ക്ഷേമപെൻഷൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഒരു പ്രവാസി ക്ഷേമനിധി നിലവിലുണ്ട്. ഇതിൽ അംഗത്വമെടുക്കുന്നവർക്ക് 60 വയസ്സ് പൂർത്തിയാക്കുന്നമുറയ്ക്ക് പെൻഷൻ, പദ്ധതി അനുശാസിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കർഹതയുണ്ട്.

(സി) വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കേരളീയർ കഴിയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ജയിലിൽ കഴിയുന്ന കേരളീയരുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. വിദേശജയിലുകളിൽ കഴിയുന്ന ഇന്ത്യക്കാരുടെ വിശദാംശങ്ങൾ അതാത് സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ജയിലുകളിൽ കഴിയുന്ന സംസ്ഥാനത്തെ പ്രവാസികളെ സംബന്ധിക്കുന്ന നിവേദനങ്ങൾ കുടുംബാംഗങ്ങളിൽനിന്നും മറ്റ് മാർഗ്ഗങ്ങളിലൂടെയും ലഭിക്കുന്നമുറയ്ക്ക് അതാത് എംബസ്സികളുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന് പരിഹാരം കണ്ടെത്തുന്നതിന് ശ്രമിക്കുന്നുണ്ട്. ഇതിനുപുറമേ, തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമസഹായം നൽകുന്നതിനും വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ അഭയം ആവശ്യമായി വരുന്ന മലയാളികളെ എംബസികളിൽ എത്തിക്കുന്നതിന് ആവശ്യമായി വരുന്ന വാഹന ചെലവും വഹിക്കുന്നതിലേയ്ക്കായി പ്രവാസി നിയമസഹായ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിനായി നിയമസഹായമാവശ്യമായ വ്യക്തി, അവരുടെ കുടുംബാംഗങ്ങൾ, നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ തുടങ്ങിയവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിദേശ രാജ്യങ്ങളിലെ എംബസികൾക്കും കേസ്സുകൾ റഫർ ചെയ്യാവുന്നതാണ്.

(ഇ) നോർക്ക വകുപ്പിന്റെ ഇടപെടലുകളെ തുടർന്ന് നിരവധി കേസ്സുകളിൽ തീർപ്പ് കൽപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ തിരികെയെത്തുന്നവർ അത് സംബന്ധിച്ച വിവരം അറിയിക്കാത്തതിനാൽ കൃത്യമായ വിവരം ലഭ്യമല്ല.

പ്രവാസികളുടെ ക്ഷേമത്തിനുവേണ്ടി പ്രഖ്യാപിച്ച പദ്ധതികൾ

96 (1464) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിലേക്ക് മടങ്ങിയ പ്രവാസികളുടെ ക്ഷേമത്തിനുവേണ്ടി (പുനരധിവാസ പാക്കേജ് ഉൾപ്പെടെ) ഈ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികൾക്കോരൊന്നിനും നീക്കിവച്ചതുക എത്രയാണ് ; ബഡ്ജറ്റിന് പുറമെയാണോ പ്രസ്തുതതുക വകയിരുത്തിയതെന്ന് വിശദമാക്കാമോ ;

(സി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ നല്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മടങ്ങിയെത്തിയ പ്രവാസിക്ഷേമത്തിന് വേണ്ടി പ്രഖ്യാപിച്ച പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) വിദേശത്തുനിന്നും തിരികെയെത്തിയ പ്രവാസി മലയാളികൾ ആരംഭിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സർക്കാർ വിഭാവനംചെയ്ത പദ്ധതിയാണിത്. പരമാവധി 20 ലക്ഷം രൂപവരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലുവർഷം 3% പലിശ ഇളവും അനുവദിക്കുന്നതാണ് പദ്ധതി. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. ഇവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങ് നൽകുക, ഇവരുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുക എന്നതും പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളാണ്. ഈ പദ്ധതി പ്രകാരം 19690 പേർ അപേക്ഷിച്ചിരുന്നു. ഇവരെ. എല്ലാപേരേയും സ്ക്രീനിംഗിനായി ക്ഷണിച്ചിരുന്നു. ഇതിൽ 7218 പേർ സ്ക്രീനിംഗിന് ഹാജരാകുകയും ഇതിൽ 6809 പേരെ ആനുകൂല്യത്തിനായി തെരഞ്ഞെടുത്ത് അവർക്കുള്ള ശുപാർശ കത്തുകൾ അതാത് ബാങ്കുകളിലേയ്ക്ക് ലോൺ നൽകുന്നതിനുവേണ്ടി പരിഗണിക്കുവാൻ അയച്ചുകൊടുത്തിട്ടുണ്ട്. ഇതിൽ 791 പേർ സബ്സിഡി ആനുകൂല്യത്തിന് അർഹരായിട്ടുണ്ട്. 6.82 കോടി രൂപ സബ്സിഡി തുകയായി ഇതുവരെ നൽകിയിട്ടുണ്ട്. ഇതുകൂടാതെ നിതാഖത്ത് ഉൾപ്പെടെ ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണവും മറ്റ് വിദേശ രാജ്യങ്ങളിൽ ഉണ്ടാകുന്ന പ്രത്യേക സാഹചര്യങ്ങളുംമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തുന്ന പ്രവാസി മലയാളികൾക്ക് സുസ്ഥിര വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ ഒരു സമഗ്ര പുനരധിവാസ പദ്ധതിയും സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) NDPREM പദ്ധതിക്ക് ബഡ്ജറ്റിൽ അനുവദിച്ച തുകയുടേയും ചെലവഴിച്ച തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	അനുവദിച്ച തുക	ലഭ്യമായ തുക	ചെലവഴിച്ച തുക
2012-13	20,000,000.00	10000000	88,328.00
2013-14	29,700,000.00	14850000	18,444,263.00
2014-15	50,000,000.00	50000000	40,931,408.00
2015-16	87.500,000.00	.....	17,140,470.00
	18,72,00,000.00	7,48,50,000.00	7,66,04,469.00

മിഷൻ 676-ൽ ഉൾപ്പെട്ട പ്രവാസിക്ഷേമ പദ്ധതികൾ

97 (1465) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി പ്രവാസി ക്ഷേമത്തിനായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഇതുവഴി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പ്രവാസികാര്യവകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. മടങ്ങിവന്ന പ്രവാസികൾക്ക് പുനരധിവാസ പദ്ധതികൾ ആരംഭിച്ച് 100 ദിവസത്തിനുള്ളിൽ ഓരോ ജില്ലയിലും കുറഞ്ഞത് 50 സംരംഭകർക്കെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly